"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

വിനോദസഞ്ചാര വകുപ്പ് - കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (KTDC) – മാനേജർ ഗ്രേഡ് IV തസ്തികയിൽ ജീവനക്കാരനായിരുന്ന പരേതനായ ശ്രീ.ബിജി ആനന്ദിന്റെ മകൾ കുമാരി ഭാവന ബി. –യ്ക്ക് ആശ്രിതനിയമന പദ്ധതി പ്രകാരം നിയമനം നൽകുവാൻ അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര(ബി) വകുപ്പ്

സ.ഉ.(കൈ) നം.14/2026/TSM തീയതി,തിരുവനന്തപുരം, 18-05-2026

---

പരാമർശം:-

1. 07.06.2007 തീയതിയിലെ സ.ഉ(പി)നം. 32/2007/പ്ലാനിംഗ്
2. 05.06.2010 തീയതിയിലെ സ.ഉ(പി)നം. 28/2010/പ്ലാനിംഗ്
3. 22.11.2018 തീയതിയിലെ സ.ഉ(പി)നം. 18/2018/പ്ലാനിംഗ്
4. 26.08.2023 തീയതിയിലെ സ.ഉ(പി)നം. 17/2023/പ്ലാനിംഗ്
5. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (KTDC) — മാനേജർ ഗ്രേഡ് IV തസ്തികയിൽ ജീവനക്കാരനായിരുന്ന പരേതനായ ശ്രീ. ബിജി ആനന്ദിന്റെ മകൾ കുമാരി ഭാവന ബി.യുടെ 25.10.2023 തീയതിയിലെ അപേക്ഷ
6. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29.08.2025 തീയതിയിലെ DCTVM/5353/2024-S6 നമ്പർ കത്ത്
7. കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടറുടെ 30.01.2026 തീയതിയിലെ KTD/PA2/DH/Bhavana/2026 നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിൽ (KTDC) മാനേജർ ഗ്രേഡ് IV ആയി സേവനമനുഷ്ഠിച്ച് വരവേ 02.04.2021 ന് മരണപ്പെട്ട ശ്രീ. ബിജി ആനന്ദിന്റെ മകളായ കുമാരി ഭാവന ബി, ആശ്രിത നിയമന പദ്ധതി പ്രകാരം കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച പരാമർശം (5) പ്രകാരമുള്ള അപേക്ഷയും, തിരുവനന്തപുരം ജില്ലാ കലക്ടറുടെ പരാമർശം (6) പ്രകാരമുള്ള റിപ്പോർട്ടും, പരേതനായ ശ്രീ ബിജി ആനന്ദിന്റെ മകൾ കുമാരി ഭാവന ബി -യ്ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം ടിയാളുടെ യോഗ്യതയ്ക്കനുസരിച്ച് കെടിഡിസിയിൽ ഹെൽപ്പർ തസ്തികയിലെ നിലവിലുള്ള ഒഴിവിലേക്ക് ₹17000 -37500/-രൂപ ശമ്പള സ്കെയിലിൽ ജോലി നൽകുന്നതിന് അനുമതിക്കായി 13.01.2026 -ൽ ചേർന്ന കെടിഡിസിയുടെ ബോർഡ് യോഗത്തിലെ 343/06 നമ്പർ തീരുമാനം സഹിതം കേരള ടൂറിസം ഡെവലപ്മെന്റ്

കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ ശുപാർശ ചെയ്ത പരാമർശം (7) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2. കുമാരി ഭാവന ബി-യുടെ അപേക്ഷ പരിശോധിച്ചതിൽ, ടിയാളുടെ അപേക്ഷ സർവീസിലിരിക്കെ മരണമടയുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിനായി പുറപ്പെടുവിച്ച പരാമർശിത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമാണ്.

3. 24.03.1997 സർവീസിൽ പ്രവേശിച്ച്, 02.04.2021 ന് മരണപ്പെട്ട ശ്രീ ബിജി ആനന്ദിന്റെ സേവനകാലം 24 വർഷവും 10 ദിവസവുമാണ്. കുമാരി ഭാവന ബി പരേതനായ ശ്രീ.ബിജി ആനന്ദിന്റെ നിയമാനുസൃത അവകാശികളിൽ ഒരാളാണെന്ന് വർക്കല തഹസിൽദാർ അനന്തരാവകാശ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. കൂടാതെ അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് തങ്ങൾക്കെതിർപ്പില്ലെന്ന് കാണിച്ച് അനന്തരാവകാശ സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട മറ്റെല്ലാ അവകാശികളും സമ്മതപത്രവും അപേക്ഷക പരാമർശം (4) പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി അടങ്ങിയ സത്യവാങ്മൂലവും ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം ₹ 6,38,446/- (ആറ് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി നാനൂറ്റി നാൽപത്തിയാറ് രൂപ മാത്രം) ആണ്. അപേക്ഷകയുടെ ജനനത്തീയതി 19.04.2000 ആണ്. വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ചുള്ള ഏത് തസ്തികയിലുള്ള നിയമനത്തിനും അപേക്ഷിച്ചിട്ടുള്ള കുമാരി ഭാവന ബി യുടെ വിദ്യാഭ്യാസ യോഗ്യത ഡിഗ്രി പരീക്ഷ വിജയിച്ചിട്ടുണ്ട്. ഹെൽപ്പർ തസ്തികയിൽ നിയമനം നല്കുന്നതിനാണ് കെടിഡിസി ഡയറക്ടർ ബോർഡ് ശിപാർശ ചെയ്തിട്ടുള്ളത്.

4. പരാമർശം (1),(2),(3) പ്രകാരമുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, പൂർവ്വ ചരിത്രം, ശാരീരിക ക്ഷമത എന്നിവ സംബന്ധിച്ച് നിയമനാധികാരി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, കെ ടി ഡി സി യുടെ മാനേജർ ഗ്രേഡ് IV തസ്തികയിൽ ജീവനക്കാരനായിരുന്ന പരേതനായ ശ്രീ.ബിജി ആനന്ദിന്റെ മകൾ തിരുവനന്തപുരം, വർക്കല, അയിരൂർ, ഹരിഹരപുരം പി.ഒ.,കെടാകുളം,ആനന്ദ് ഭവനിൽ കുമാരി ഭാവന ബി- യ്ക്ക് ₹17000 - 37500/- രൂപ ശമ്പള സ്കെയിലിൽ കെ ടി ഡി സി യിലെ ഹെൽപ്പർ തസ്തികയിലെ നിലവിലുള്ള ഒഴിവിലേക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് കേരള ടൂറിസം ഡെവലപ്മെൻറ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. കേരള ടൂറിസം ഡെവലപ്മെൻറ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ അപേക്ഷകയ്ക്ക് ഔദ്യോഗിക നിയമന ഉത്തരവ് നൽകേണ്ടതും അപേക്ഷകയുടെ സീനിയോറിറ്റി, അപേക്ഷക നൽകിയ അപേക്ഷ പ്രകാരം കണക്കാക്കേണ്ടതുമാണ് . അപേക്ഷകയ്ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നത് സംബന്ധിച്ച് എസ്റ്റാബ്ലിഷ്മെൻറ് രജിസ്റ്ററിലും പരേതന്റെ സേവന പുസ്തകത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ ആയതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ പരാമർശിക്കുന്ന പ്രകാരം ചെയ്യേണ്ടതാണ്. അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത തുടങ്ങിയവ തെളിയിക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സലുകൾ മാനേജിംഗ് ഡയറക്ടർ ടിയാൾ നിയമനം നൽകുന്നതിനു മുമ്പായി പരിശോധിച്ച് അവയുടെ സാധുത ഉറപ്പുവരുത്തേണ്ടതാണ് . അപേക്ഷകയ്ക്ക് നിയമനം നൽകിയതിന്റെ വിശദാംശങ്ങൾ പരേതനായ ജീവനക്കാരന്റെ സർവീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും കേരള ടൂറിസം ഡെവലപ്മെൻറ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ഈ പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷ സമർപ്പിച്ചപ്പോഴോ ഇക്കാര്യത്തിൽ സർക്കാർ അന്വേഷണം നടത്തിയപ്പോഴോ അപേക്ഷക എന്തെങ്കിലും തെറ്റായ വിവരങ്ങൾ നൽകുകയോ എന്തെങ്കിലും വിവരം മറച്ചുവയ്ക്കുകയോ ചെയ്തിട്ടുണ്ടെന്ന് ഭാവിയിൽ ബോധ്യമാകുന്ന പക്ഷം ടിയാളുടെ നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

1. കുമാരി ഭാവന ബി. ,ആനന്ദ് ഭവൻ, കെടാകുളം, ഹരിഹരപുരം പി.ഒ., അയിരൂർ, വർക്കല, തിരുവനന്തപുരം
2. ഡയറക്ടർ ,ടൂറിസം ഡയറക്ടറേറ്റ് ,പാർക്ക് വ്യൂ ,തിരുവനന്തപുരം
3. മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെൻറ് കോർപ്പറേഷൻ
4. ജില്ലാ കലക്ടർ, തിരുവനന്തപുരം
5. പ്രിൻസിപ്പൽ അക്കൗണ്ടൻസ് ജനറൽ (ഓഡിറ്റ്) കേരളം തിരുവനന്തപുരം
6. പ്രിൻസിപ്പൽ അക്കൗണ്ടൻസ് ജനറൽ( എ & ഇ) കേരളം തിരുവനന്തപുരം
7. ആസൂത്രണ സാമ്പത്തിക കാര്യ( ബി.പി.ഇ) വകുപ്പ് (09.03.2026 തീയതിയിലെ PLGEA-BPE2/20/2026-PLGEA പ്രകാരം)
8. വിവര പൊതുജന സമ്പർക്കം വകുപ്പ്(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Archana T
സെക്ഷൻ ഓഫീസർ
Date: 18-05-2026 16:07:00

പകർപ്പ്:

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സിഎയ്ക്ക്

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎയ്ക്ക്